പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 626

05.06.2018 - ൽ മറുപടിക്ക്.

**വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ**

ചോദ്യം
ശ്രീ. റോഷി അഗസ്റ്റിൻ

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി).

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനു കീഴിൽ നിലവിൽ പ്രവർത്തിക്കുന്നതും, ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോന്നിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ) & (ബി) : ഇടുക്കി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനു കീഴിൽ നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 48 പേർക്ക് 70.20 ലക്ഷം രൂപ മാർജിൻ മണി അനുവദിച്ചതിലൂടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായിട്ടുണ്ട്. ടി പദ്ധതി 2018-19 സാമ്പത്തിക വർഷവും തുടർന്നു പോകുന്നു.
- 2018-19 സാമ്പത്തിക വർഷത്തിൽ ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിൽ ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നതിനായി 1,14,000/- രൂപ അനുവദിച്ചിട്ടുണ്ട്. സംരംഭകത്വ വികസന പരിപാടികൾക്കായി 3,00,000/- രൂപയും ജില്ലാ നിക്ഷേപക സംഗമത്തിനായി 1,30,000/- രൂപയും ടെക്നോളജി ക്ലിനിക്ക് പ്രോഗ്രാം നടത്തുന്നതിനായി 3,90,000/- രൂപയും എൽ.എസ്.ജി.ഡി ട്രെയിനിങ്ങിനായി 1,20,000/- രൂപയും ടെക്നോളജി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാമിനായി 2,60,000/- രൂപയും ഇൻഡസ്ട്രിയൽ എക്സിബിഷനായി 4,00,000/-

രൂപയും ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിന് അനുവദിച്ചിട്ടുണ്ട്.

കൈത്തറി മേഖലയുടെ അഭിവൃദ്ധിയ്ക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു :

- സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ പ്രവർത്തനം പനംകുട്ടി കൈത്തറി സംഘത്തിൽ നടന്നു വരുന്നു.
- യുവ വീവ് പദ്ധതി, ഒരു വീട്ടിൽ ഒരു തറി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്.
- പനംകുട്ടി കൈത്തറി സംഘത്തിന് വർക്ക് ഷെഡ് നവീകരിക്കുന്നതിനായി 1,20,000/- രൂപ അനുവദിച്ചിട്ടുണ്ട്.
- കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇടുക്കി നിയോജകമണ്ഡലത്തിൽ സംരംഭകത്വ സഹായ പദ്ധതി പ്രകാരം 12 യൂണിറ്റുകൾക്കായി സബ്സിഡി ഇനത്തിൽ 46,98,640/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 2018-19-ൽ ടി പദ്ധതിയ്ക്കായി 100 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.
- ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി പ്രകാരം 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- പനംകുട്ടിയിൽ പട്ടികജാതി/പട്ടിക വർഗ്ഗ സംരംഭകർക്കുള്ള ഷെഡ്ഡുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ.

മക/04/05